# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/ജി.പി. 7/255/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/ജി.പി. 7/255/2022 തീയ്യതി: 11/05/2022

## തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 54 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 04-02-2022 | 14-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-02-2022 | 14-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
(08.02.2022 മുതൽ)
ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ., അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നവപ്രകാശ്.എൻ. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി ശശികല.എസ്. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി സിന്ധു.ആർ.എസ്. | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി ശ്രീലേഖ.ജി.ആർ. | സെക്രട്ടറി | 09-06-2020 | 09-06-2020 |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 10-06-2020 | 02-09-2020 |
| ശ്രീ. സുനിൽ കുമാർ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2020 | 21-09-2020 |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 22-09-2020 | 25-02-2021 |
| ശ്രീമതി മിനി.ജി. | സെക്രട്ടറി | 26-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നീരജ.സി.ആർ. | കൃഷി ഓഫീസർ | 01-04-2020 | 03-03-2021 |
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 04-03-2021 | 31-03-2021 |
| ഡോ. രമ.ബി. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.രഞ്ജിനി.. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2020 | 30-11-2020 |
| ഡോ. അമിത് മിട്ടു. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-12-2020 | 31-03-2021 |
| ഡോ. ബിന്ദു | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി അൻസീറ.ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ഷാജി.ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2 | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി സിന്ധു.ആർ.എസ്. | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി ശ്രീലേഖ.ജി.ആർ. | സെക്രട്ടറി | 09-06-2020 | 09-06-2020 |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 10-06-2020 | 02-09-2020 |
| ശ്രീ. സുനിൽ കുമാർ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2020 | 21-09-2020 |
| ശ്രീ. രാജേഷ്.എസ്.എസ്. | സെക്രട്ടറി | 22-09-2020 | 25-02-2021 |
| ശ്രീമതി മിനി.ജി. | സെക്രട്ടറി | 26-02-2021 | 31-03-2021 |
| ശ്രീമതി സീമ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 01-04-2020 |
| ശ്രീമതി ശ്രീലേഖ.ജി.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 02-04-2020 | 18-06-2020 |
| ശ്രീ. സുനിൽ കുമാർ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 19-06-2020 | 31-03-2021 |
| ശ്രീമതി അശ്വതി.എസ്.പ്രസാദ്. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഇന്ദു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 02-07-2020 |
| ശ്രീ. വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-07-2020 | 31-03-2021 |
| ശ്രീ. രാധാകൃഷ്ണൻ. | എച്ച്.എം., ചെറുന്നിയൂർ എൽ.പി.എസ്.ർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Praveen N.G (Asst. Audit Officer, On 11-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി<br>Written By: Praveen N.G (Asst. Audit Officer, On 11-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-5-1 |
| 7 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി<br>Written By: Praveen N.G (Asst. Audit Officer, On 11-02-2022)<br>Last Updated By: Sabu G (Audit Officer, On 13-02-2022) | 1-5-2 |
| 8 | ക്യാഷ് ബാലൻസ്<br>Written By: Praveen N.G (Asst. Audit Officer, On 11-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 15-02-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 16-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-7 |
| 10 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിശദാംശങ്ങൾ<br>Written By: Lekha.M.L (Senior Grade Auditor, On 09-02-2022)<br>Last Updated By: Sarath J Sankar (Auditor, On 15-02-2022) | 1-8-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-9 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-04-2022) | 1-10 |
| 13 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-04-2022) | 1-11 |
| 14 | കെട്ടിട നമ്പർ നൽകലും നികുതി നിർണയവും - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-12 |
| 15 | തൊഴിൽ നികുതി- അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-04-2022) | 1-13 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-14 |
| 17 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും | 1-15 |

| | | |
|---|---|---|
| | പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-16 |
| 19 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-17 |
| 20 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ- അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-18 |
| 21 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-19 |
| 22 | അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റൽ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-20 |
| 23 | മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: Sabu G (Audit Officer, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-21 |
| 24 | ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്<br>Written By: Sabu G (Audit Officer, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-22 |
| 25 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Sabu G (Audit Officer, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-23 |
| 26 | ഓഡിറ്റ് റിപ്പോർട്ട് - തുടർ നടപടികൾ സത്വരമാക്കണം<br>Written By: Manesh.B.H (Audit Officer, On 10-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-24 |
| 27 | പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നല്കണം<br>Written By: Manesh.B.H (Audit Officer, On 10-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-25 |
| 28 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു<br>Written By: Sabu G (Audit Officer, On 15-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-26 |
| 29 | കാർഷികപദ്ധതികളുടെ പുരോഗതി പ്രശംസനീയം<br>Written By: Praveen N.G (Asst. Audit Officer, On 14-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-27 |
| 30 | പഠനോപകരണം, ലാപ് ടോപ്പ് വിതരണം പ്രോജക്ടുകളിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചില്ല<br>Written By: Praveen N.G (Asst. Audit Officer, On 11-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-04-2022) | 1-28 |
| 31 | അംഗൻവാടി പോഷകാഹാര വിതരണം , ചെലവ് തുകയ്ക്ക് അനുസൃതമായി സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല<br>Written By: Lekha.M.L (Senior Grade Auditor, On 09-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-29 |
| 32 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ – തുടർ നടപടികൾ അനിവാര്യം<br>Written By: Manesh.B.H (Audit Officer, On 11-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-30 |

| | | |
|---|---|---|
| 33 | വെള്ളക്കരം ഒടുക്കൽ – പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 09-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-04-2022) | 1-31 |
| 34 | തെരുവ് വിളക്ക് പരിപാലനം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 1-32 |
| 35 | തെരുവ് നായ നിയന്ത്രണം - ചെലവ് രേഖകളുടെ അഭാവത്തിൽ 105000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Manesh.B.H (Audit Officer, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-33 |
| 36 | പശു വളർത്തൽ -ഒരു ഗുണഭോക്താവിന് രണ്ട് ആനുകൂല്യം<br>Written By: Manesh.B.H (Audit Officer, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-34 |
| 37 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകളുടെ സ്റ്റോക്ക് - വിതരണ രേഖകളുടെ അഭാവത്തിൽ 1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Manesh.B.H (Audit Officer, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 1-35 |
| | **ഭാഗം 2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 16-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 16-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 16-02-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 26-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: Manesh.B.H (Audit Officer, On 12-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-04-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 12-02-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 25.03.2020 തീയതിയിലെ I/2-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 15.02.2021 തീയതിയിലെ 3/6-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. വാർഷിക ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 14,88,51,591/- രൂപ വരവും 14,73,52,700/-രൂപ ചെലവും നീക്കിയിരിപ്പ് 14,98,891/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 20.07.2021 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2020-21വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2)2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3) 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-4, Fixed Asset -ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്തിലെ സ്ഥിരാസ്തികളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement ഷെഡ്യൂൾ I-17(a) -ൽ കണക്കാക്കിയിട്ടില്ല. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ പ്രകാരമുള്ള Accumulated Depreciation ആണ് തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെടുത്തിയിട്ടുള്ളത്.

4)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും ലൈസൻസിനും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2019-20 വർഷം വസ്തു നികുതിക്കും ലൈസൻസിനും വർഷാരംഭത്തിൽ മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയത് . വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 01.04.2020 |
| 110100103 | Property Tax On Non -Residential Building | 01.04.2020 |

5)താഴെപ്പറയുന്ന വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽഅവശേഷിക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് | 2019-20 ബാലൻസ് ഷീറ്റ് പ്രകാരം | 2020-21 വർഷത്തെ ചെലവ് | 2020-21 ബാലൻസ് ഷീറ്റ് |
|---|---|---|---|---|
| 1 | 320500101 | 25000 | 0 | 25000 |
| 2 | 320700205 | 367380 | 0 | 367380 |

6)വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 582690/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 55028/- രൂപ ജലജീവൻ പദ്ധതിക്കായും ബാക്കിയുള്ള തുക വിവിധ പദ്ധതികൾക്കായി ഒടുക്കയതെന്നുമാണ് അറിയിച്ചിട്ടുള്ളത്.(എൻക്വയറി നം.38/10.02.2022)

7)വിവിധ നിർവഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ അനുവദിച്ച നൽകിയ തുകകളിൽ 2020-21 വർഷം വരെ ചെലവഴിക്കാത്ത/വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Code | Particulars | Amount |
|---|---|---|
| 460500201 | Deposit With Kerala Water Authority | 1220132/- |
| 460500201 | Deposit With KSEB | 295418/- |
| 460500201 | Deposit With Ground Water Authority | 76180/- |

മേൽ തുകകൾ അനുവദിച്ച് നൽകിയ പദ്ധതികൾ പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.(എൻക്വയറി നം.38/10.02.2022)

8)450610102 SBT Litteracy 7208 ഹെഡിൽ 9614 രൂപയും മുന്നിരിപ്പായും നീക്കിയിരിപ്പായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് 2017 മുതൽ പ്രവർത്തന രഹിതമാണ്. തുക തനത് അക്കൗണ്ടലേയ്ക്ക് മാറ്റേണ്ടതാണ്.

9)ബാലൻസ് ഷീറ്റ് B-15 ,ഷെഡ്യൂളിൽ 431300101 Receivable For Licecnce Fees For Dangerous And Offensive Traders ഹെഡിൽ -300 (Minus) രൂപ രേഖപ്പെടുത്തിയിരിക്കുന്നു. അഡ്വാൻസ് ഹെഡിൽ നിന്നും ജേണൽ എൻട്രി ചെയ്തതിലെ അപാകതമൂലമാണ്

നെഗറ്റീവ് തുക കാണപ്പെട്ടത് എന്നാണ് അറിയിച്ചിട്ടുള്ളത്.

10)വസ്തു നികുതിയിൽ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building-Current | 1302251 | 1300377 | 1112293 | 1110283 | 160595 | 194085 |
| Property Tax On Non Residential Building-Current | 3433765 | 3438326 | 1351367 | 1409832 | 2082398 | 2028768 |
| Property Tax On Residential Building-Arrear | 113981 | 407363 | 67623 | 67623 | 40930 | 339985 |
| Property Tax On Non Residential Building-Arrear | 1878445 | 11782500 | 120930 | 120930 | 1668065 | 11661574 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 8853953 | 8853953 | 8480482 | 373471* |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10918502 | 10918502 | 10918502 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 4060000 | 4060000 | 1386211 | 2673789 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7182166 | 7182166 | 5091909 | 2090257 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7904000 | 7904000 | 7904000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3456680 | 3456680 | 3456680 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 1188 | 27999498 | 28000686 | 27996325 | 4361 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1071064 | 1993411 | 3064475 | 2142981 | 921494 |
| ഐ.സി.ഡി.എസ് | 313709 | 565669 | 879378 | 353311 | 526067 |
| അഗതി രഹിത കേരളം | 0 | 1253630 | 1253630 | 1253630 | 0 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 0 | 200000 | 200000 | 0 | 200000 |
| ലൈഫ്- സംസ്ഥാന വിഹിതം | 200000 | 3500000 | 3700000 | 3400000 | 300000 |
| വിമുക്തി | 25000 | 0 | 0 | 0 | 25000 |
| ടോട്ടൽ സാനിട്ടേഷൻ | 0 | 280000 | 280000 | 280000 | 0 |
| കോവിഡ് സി.എഫ്.എൽ.ടി.സി | 0 | 4000000 | 4000000 | 4000000 | 0 |
| അംഗനവാടി | 0 | 39000 | 39000 | 0 | 39000 |

* ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.സി.ആർ എന്നിവയിലെ വ്യത്യാസം താഴെ കൊടുത്തിട്ടുണ്ട്.

2020-21 വർഷം ലഭിച്ച വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് തൻ വർഷം വകയിരുത്തിയ മറ്റ് വിവിധ ഫണ്ടുകൾ(എസ്.സി.പി)/ഗ്രാന്റ് ഉകകൾ ചെലവഴിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

A)വിവിധ ഗ്രാന്റുകൾ/ ഫണ്ടുകളുടെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 8334286 | 3826498 | 45.91 |
| | പട്ടിക ജാതി | 2654500 | 652200 | 24.57 |
| സേവനം | പൊതുവിഭാഗം | 38175711 | 21049377 | 55.14 |
| | പട്ടിക ജാതി | 33330576 | 17185236 | 51.56 |
| പശ്ചാത്തലം | പൊതുവിഭാഗം | 17629254 | 15302841 | 86.8 |
| | പട്ടിക ജാതി | 1527866 | 1525895 | 99.87 |

B)2020-21 വർഷത്തെ വികസന ഫണ്ട് വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 8853953 | 8480482 | 373471 |
| | Grant Statement | 8853953 | 10030529 | -1176576 |
| Development Fund (SCP) | ACR | 10918502 | 10918502 | 0 |
| | Grant Statement | 10918502 | 12105364 | -1186862 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 10,16.52,193 | 161 | 5,95,42,047 | 0 | 30 | 84 |

തൻ വർഷത്തെ പദ്ധതി ചെലവിനായി 8,46,70,710/- രൂപയുടെ വിവിധ ഫണ്ടുകൾ വകയിരുത്തിയതിൽ 5,49,67,098/- രൂപ ചെലവഴിച്ചു. നടപ്പാക്കാൻ സാധിക്കാത്ത 22 പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുകയും രണ്ടെണ്ണമൊഴികെ മറ്റുള്ളവ പൂർത്തീകരിക്കുകയും ചെയ്തതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/07.02.2022ന്റെ മറുപടി).

ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകൾ ഏറെക്കുറെ പൂർണമായി നടപ്പാക്കിയിട്ടുണ്ടെങ്കിലും വെറ്റിനറിസർജൻ അംഗീകാരം വാങ്ങിയ 19 പ്രോജക്ടുകളിൽ 7എണ്ണവും തൻവർഷം നടപ്പാക്കിയില്ല. അവ സ്പിൽ ഓവറായി നടപ്പാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണം

1)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ഭരണസമിതിയുടെ 2(1)/19.11.2019-ാം നമ്പർ തീരുമാനപ്രകാരം പുനഃ സംഘടിപ്പിച്ചു.

ബി)ആകെ 13 അംഗങ്ങളുള്ള ആസൂത്രണ സമിതിയുടെ 30.11.2019ലെ യോഗത്തിൽ 7 പേരും 11.12.2013ലെ യോഗത്തിൽ 6 പേരുമാണ് പങ്കെടുത്തത്.

2)വികസന സെമിനാർ

20-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 16-03.2020ൽ നടന്ന വികസന സെമിനാറിൽ 137 പേരുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചർച്ചയുടെ വിശദാംശങ്ങൾ മിനിട്സ് ചെയ്യാത്തതിനാൽ വികസന സെമിനാർ ക്രിയാത്മകമായിരുന്നോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഭാവിയിൽ മിനിട്സ് രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07 /07.02.2022ന്റെ മറുപടി).

3)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്. പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ 09.12.2019ലെ യോഗത്തിലെ ഹാജർ മാത്രം മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

| ക്രമ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | | | (സ്വീകരിച്ച നടപടി - ഓഡിറ്റ് എൻക്വയറി നമ്പർ 07 /07.02.2022ന്റെ മറുപടി) |
| I | ആരോഗ്യം | 26.11.2019 | ആശുപത്രിയുടെ വസ്തു അളന്ന് തിട്ടപ്പെടുത്തി മതിൽ കെട്ടുകയോ മറ്റ് സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക(തഹൽസീർദാർക്ക് കത്ത് നൽകി ) ആശുപത്രയിലെ ജല ദൌർലഭ്യം പരിഹരിക്കുന്നതിന് കുഴൽ കിണർ നിർമ്മിക്കുക(2021-22ൽ കുഴൽ കിണർ നിർമ്മിച്ചു) |
| Ii | പൊതുഭരണവും ധനകാര്യവും | 10.01.2020 | ഫ്രണ്ട് ഓഫീസിൽ ടച്ച് സ്ക്രീൻ, ടോക്കൺ സംവിധാനം, ജനസേവന കേന്ദ്രം(മാന്വൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ടച്ച് സ്ക്രീൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് ) |
| Iii | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 26.11.2019 | ജാഗ്രത സമിതി പരാതിപ്പെട്ടി സ്ഥാപിക്കൽ(നിർവ്വഹണം നടന്നുവരുന്നു) |

4)സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാര നടപടികൾ (ഓഡിറ്റ് എൻക്വയറി നമ്പർ 07 /07.02.2022ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതു ഭരണവും ധനകാര്യവും | ഗുരുതരം | ഘടക സ്ഥാപനങ്ങളിലെ ഭൌതിക സൌകര്യങ്ങളുടെ അപര്യാപ്തത | പൊതു ശൌചാലയങ്ങൾ മെയിന്റനൻസ് നടത്തി |
| | | ഗുരുതരം | പൊതുജനങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത | |
| | | അതീവ ഗുരുതരം | പഞ്ചായത്ത്/ ഘടകസ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളുടെ ഗുണനിലവാര കുറവ് | സോഫ്റ്റ് വെയറുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ശ്രദ്ധയിൽപ്പെടുത്തുന്നതാണ് |
| Ii | കൃഷി | അതീവ ഗുരുതരം | നെൽകൃഷിയിലെ ഉല്പാദന ചെലവ് | കേദാരം പദ്ധതി വഴി സബ്സിഡി നൽകി |
| | | അതീവ ഗുരുതരം | നാളികേര ഉല്പാദനവും ഉല്പാദന ക്ഷമതയും വൻതോതിൽ കുറയുന്ന | കേരസമൃദ്ധി പ്രോജക്ട് പ്രാകരം കേട് വന്ന തെങ്ങുകൾ മുറിച്ചുമാറ്റി തെങ്ങിൻതൈകളും ജൈവ വളവും നൽകുന്ന പ്രോജക്ട് നടപ്പാക്കുന്നു. |
| Iii | മൃഗ സംരക്ഷണം | അതീവ ഗുരുതരം | ആരോഗ്യ പ്രശ്നം | കാലിത്തീറ്റ സബ്സിഡി എല്ലാവർഷവും നൽകി വരുന്നു. |
| Iv | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | കുടിവെള്ള ലഭ്യതയില്ലായ്മ | ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നു. |
| V | പട്ടികജാതി വികസനം | അതീവ ഗുരുതരം | കിണറുകളിലും പൊതുകിണറുകളിലും വർഷം മുഴവനും കുടി വെള്ള ലഭ്യതയില്ല. തനത് കുടിവെള്ള പദ്ധതികൾ അപര്യാപ്തം | |

| | | | |
|---|---|---|---|
| | അതീവ ഗുരുതരം | കോളനികളിലെ കുട്ടികളുടെയും പുരുഷന്മാരുടെയും അമിതമായ ലഹരി ഉപയോഗം | എക്സൈസ് വകുപ്പുമായി ചേർന്ന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| | അതീവ ഗുരുതരം | കോളനികളിലെ മാലിന്യ സംസ്കരണ പ്രശ്നം | എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിക്കുകയും ഹരിത കർമ്മ സേനാംഗങ്ങളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജൈവ മാലിന്യ സംസ്കരണത്തിന് വീടുകളിൽ ബയോ കമ്പോസ്റ്റ് ബിൻ നൽകുന്ന പദ്ധതി 2021-22 വർഷം നടപ്പിലാക്കി വരുന്നു. |

ഓരോ വിഷയങ്ങളിലും ഏറ്റെടുത്ത നടപടികൾ ശ്ലാഘനീയമാണ്. നടപ്പിലായിക്കൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി ഫണ്ട് വിഹിതം പൂർണമായി വിനിയോഗം ചെയ്യുന്ന രീതിയിൽ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24480 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 1007700 | 71 |
| വിധവ പെൻഷൻ | 13862400 | 979 |
| വാർദ്ധക്യകാലപെൻഷൻ | 26670500 | 2019 |
| വികലാംഗപെൻഷൻ | 4269800 | 282 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 439300 | 27 |

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| തിലകമണി | 102300202208 | വാർദ്ധക്യകാലം | 29.9.20 | ആക്ടീവ് | 10/20 മുതൽ 03/21 വരെ [1500×6=9000] 04/21 മുതൽ 12/21 വരെ [1600×9=14400] | 23400 |
| തങ്കമ്മ | 102300200792 | വാർദ്ധക്യകാലം | 04.10.20 | ആക്ടീവ് | 11/20 -1400 12/20മുതൽ 04/21 വരെ [1500×5=7500] 05/21 മുതൽ 12/21 വരെ [1600×8=12800] | 21700 |
| സത്യഭാമ | 102290200029 | വാർദ്ധക്യകാലം | 10.10.20 | ആക്ടീവ് | ഒറ്റൂർ ഗ്രാമപഞ്ചായത്ത്. നിലവിലും പെൻഷൻ കൈപ്പറ്റുന്നു. മരണവിവരം ഒറ്റൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| ദേവകിയമ്മ | 102300200619 | വാർദ്ധക്യകാലം | 8.11.20 | സസ്പെന്റ് | 12/20 മുതൽ 03/21 വരെ [1500×4=6000] 04/21 മുതൽ 10/21 വരെ [1600×7=11200] | 17200 |
| ചെല്ലമ്മ | 101720200329 | വാർദ്ധക്യകാലം | 4.12.20 | ആക്ടീവ് | വർക്കല മുനിസിപ്പാലിറ്റി . നിലവിലും പെൻഷൻ കൈപ്പറ്റുന്നു. മരണവിവരം വർക്കല മുനിസിപ്പാലിറ്റിയിൽ അറിയിക്കേണ്ടതാണ്. | |
| ലളിതകുമാരി | 101720600229 | വാർദ്ധക്യകാലം | 11.1.21 | ആക്ടീവ് | വർക്കല മുനിസിപ്പാലിറ്റി . നിലവിലും പെൻഷൻ കൈപ്പറ്റുന്നു. മരണവിവരം വർക്കല മുനിസിപ്പാലിറ്റിയിൽ അറിയിക്കേണ്ടതാണ്. | |
| സോമിനി | 102300201915 | വാർദ്ധക്യകാലം | 4.2.21 | സസ്പെന്റ് | 03/21 മുതൽ 12/21 വരെ [600×10=6000] | 6000 |
| സാവിത്രി | 102300201514 | വാർദ്ധക്യകാലം | 16.2.21 | ആക്ടീവ് | 03/21 മുതൽ 8/21 വരെ-മരണപ്പെട്ടു എന്നു കാണിച്ച് പെൻഷൻ കൈമാറിയിട്ടില്ല. 09/21-600/-രൂപ സഹകരണബാങ്കിന് കൈമാറി. 10/21- തുക നൽകിയില്ല. 11/21 മുതൽ 12/21 വരെ [600×2=1200] | 1800 |
| ജയചന്ദ്രൻ | 10230020231 | വാർദ്ധക്യകാലം | 4.3.21 | സസ്പെന്റ് | 04/21 മുതൽ 12/21 വരെ [1600×9=14400] | 14400 |

| | | | | | | |
|---|---|---|---|---|---|---|
| സത്യഭാമ | 102310202004 | വാർദ്ധക്യകാലം | 11.3.21 | ആക്ടീവ് | വെട്ടൂർ ഗ്രാമപഞ്ചായത്ത്. നിലവിലും പെൻഷൻ കൈപ്പറ്റുന്നു. മരണവിവരം വെട്ടൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| അബ്ദുൾകലാം | 102300202285 | വാർദ്ധക്യകാലം | 12.3.21 | ആക്ടീവ് | 04/21 മുതൽ 12/21 വരെ [1600×9=14400] | 14400 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/07.02.22) മറുപടിയായി വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-2 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പിപിഒ നം | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വേലുക്കുട്ടി | ലഭ്യമല്ല | 102300200632 | 52000 | തുക തിരികെ ഈടാക്കുന്നതിന് കത്തു നൽകി. |
| 2 | ശാന്തകുമാരി | ലഭ്യമല്ല | 102300201149 | 69200 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 3 | ഉണ്ണി | ലഭ്യമല്ല | 102300201791 | 48400 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 4 | ഗോപിനാണ | ലഭ്യമല്ല | 102300201857 | 75900 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 5 | ഗോമതിയമ്മ | ലഭ്യമല്ല | 102300201944 | 52500 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 6 | കമലമ്മ | ലഭ്യമല്ല | 102300202001 | 75600 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 7 | സരസ്വതിയമ്മ | ലഭ്യമല്ല | 102300202060 | 25800 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 8 | രാധാമണി | ലഭ്യമല്ല | 102300400126 | 52400 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 9 | ശോഭന | ലഭ്യമല്ല | 102300600049 | 52000 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |
| 10 | ശാന്തകുമാരി | ലഭ്യമല്ല | 102300600065 | 52000 | തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകി. |

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്ന മേൽ ഗുണഭോക്താക്കൾ സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്ര അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വി ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ11/07.2.22) ലഭ്യമാക്കിയ മറുപടിയിൽ അനർഹ

കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ട്രഷറിയു ബന്ധപ്പെട്ട് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പെ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപട സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.02.2022 തീയതിയിൽ 10.10AM സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5222/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

തദ്ദേശസ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചകൾ, നിർവ്വഹണ - സേവനപ്രദാന പ്രക്രിയകളിൽ സ്വാധീനം ചെലുത്തുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ, ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിക്കുകയും ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2020ൽ പൌരാവകാശ രേഖ പുതുക്കിയിട്ടുണ്ട്. പൌരാവകാശരേഖ 75 കോപ്പി പ്രിന്റ് ചെയ്തതിന് ചെക്ക് നമ്പർ 8322660/30.07.20 പ്രകാരം 21750 രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിൽ താമസമുള്ള 6943 വീടുകളുണ്ടായിരിക്കെ(പൌരാവകാശരേഖ പ്രകാരം) 75 കോപ്പികൾ മാത്രം പ്രിന്റ് ചെയ്തു. ജനപ്രതിനിധികൾ മുഖേനയും ഫ്രണ്ട് ഓഫീസ് വഴിയും പൌരാവകാശ രേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 26/ 08.02.2022ന്റെ മറുപടി). എന്നാൽ, പൌരാവകാശ രേഖ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ബി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നില്ല.

സി) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഡി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കുന്നില്ല.

എഫ്) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

4)ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയതായി കാണുന്നില്ല. പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പിന്റെ 10.01.2020ലെ യോഗത്തിൽ ടോക്കൺ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. മാന്വലായുള്ള ടോക്കൺ സമ്പ്രദായമുണ്ടെന്നാണ് വിശദീകരണം.

5)വിതരണ രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല.

ഉദാഹരണം - Ref No. & Date, Date Of Delivery എന്നിവ രേഖപ്പെടുത്തുന്നില്ല.

തപാലുകൾ സെക്ഷൻ ഒപ്പിട്ട് കൈപ്പറ്റാത്ത സന്ദർഭങ്ങളുമുണ്ട്.

ഉദാഹരണം - 21.08.2020, 06.11.2020

6)ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന് 14.02.2022വരെ കാലാവധിയുണ്ട്.

7)വെറ്റിനറി സർജൻ TR 7Aക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി

ഉപയോഗിക്കുന്ന രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി രസീത് ബുക്ക് നമ്പർ 38550ലെ ഒരു രസീതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

8)വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

9)തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം.

10)മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## 1-8-1 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വിശദാംശങ്ങൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1188 | 958333 | 959521 | 955160 | 4361 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27041165 | 27041165 | 27041165 | 0 |
| ആകെ | 1188 | 27999498 | 28000686 | 27996325 | 4361 |

2020- 2021 സാമ്പത്തികവർഷത്തെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നമ്പർ 32-ന്റെ മറുപടി)

| | |
|---|---|
| 2020-21സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 173 |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1157<br>തൊഴിലാളികൾ-1325 |
| 2020-21സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1226<br>തൊഴിലാളികൾ-1435 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | Nil |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | Nil |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | Nil |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | Nil |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1435 |
| അയൽക്കൂട്ടങ്ങളുടെ എണ്ണം | 206 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 180 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 14 |
| ആകെ വാർഡുകളുടെ എണ്ണം | 14 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1022 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 288 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 221 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 68.46 |

| | |
|---|---|
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 79215 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 23385994 |
| മെറ്റീരിയൽ കംബോണന്റ് | 2641869 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 432 |
| 80-99 | 136 |
| 70-79 | 69 |
| 60-69 | 66 |
| 50-59 | 83 |
| 50 ൽ താഴെ | 371 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2021 | 01.01.2021 മുതൽ 31.07.2021 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2012 | 2007-08 മുതൽ 2011-12 വരെ | 17.09.2013 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1)റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt No | Receipt Date | Amount |
|---|---|---|---|---|---|---|---|---|
| 1 | 2 | 192 | | മുഹമ്മദ് ബഷീർ,പാലച്ചിറ | 900620 | 120050100417 | 08/06/2020 | 755 |
| 2 | 2 | 192 | A | മുഹമ്മദ് ബഷീർ.എം, നസീറ മൻസിൽ | 900621 | 120050100418 | 08/06/2020 | 760 |
| 3 | 10 | 323 | | മാർഷൽജോസഫ്, തിരുവോണം,താന്നിമൂട് | 903971 | 120050102742 | 16/01/2021 | 172 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 6 | 166 | A | സലാഹുദീൻ, ചാണിക്കൽ പുത്തൻവീട് | 904398 | 120050103067 | 04/02/2021 | 804 |
| 5 | 12 | 62 | | സത്യപാലൻ,ശ്യാം നിവാസ്, | 905444 | 120050103641 | 19/02/2021 | 741 |
| 6 | 6 | 22 | | നസിം, പുന്ന വിള | 1003696 | 121060101577 | 20/12/2021 | 933 |

ഇപ്രകാരം സഞ്ചയയിൽ കാൻസലേഷൻ പ്രതിഫലിക്കാത്തതിനാൽ ഡിമാന്റിലും അതുവഴി കളകഷനിലും കുറവ് വരുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

2)രസീത് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ രസീത് ബുക്ക് നം. 38567 രസീത് നം.1മുതൽ 68 വരെയുള്ള രസീതുകളിൽ വൺസൈഡ് കാർബൺ ഉപയോഗിച്ചാണ് തുക പിരിച്ചെടുത്തിട്ടുള്ളത്. 38558, 38567 രസീതു ബുക്കുകളുടെ കളക്ഷൻ തുകകൾ രേഖപ്പെടുത്തിയിട്ടുള്ള ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ സെക്രട്ടറി കാരണം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നില്ല( ഉദാ: 38562 രസീത് ബുക്ക് നം -76 )

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.05/05.02.2022,27/08.02.2022 ന് 31/09.02.2022 ലഭിച്ച മറുപടിയിൽ ഐ.കെ.എം-ന്റെ സഹായത്തോടെ റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുമെന്നും രസീത് ബുക്കുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11 വസ്തു നികുതി - അപാകങ്ങൾ

1)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല(ഡിമാന്റ് തുക 0)

| ക്രമ നമ്പ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 4/227 | ശങ്കരൻകുട്ടി | പാർപ്പിടം | 111 $M^2$ |
| 2 | 4/20 | ഹരിദാസ് | പാർപ്പിടം | 105 $M^2$ |
| 3 | 4/308 | എൻ.രജ്ഞിനി | പാർപ്പിടം | 87 $M^2$ |
| 4 | 4/222 | ശങ്കരി | പാർപ്പിടം | 86 $M^2$ |
| 5 | 4/290 | ബേബി | പാർപ്പിടം | 84 $M^2$ |
| 6 | 4/176 | ശാരദ | പാർപ്പിടം | 81 $M^2$ |
| 7 | 4/177 | ജലജ | പാർപ്പിടം | 81 $M^2$ |

| | | | | |
|---|---|---|---|---|
| 8 | 4/241 | ഓമന | പാർപ്പിടം | 76 $M^2$ |
| 9 | 4/252 | സുലോചന | പാർപ്പിടം | 76 $M^2$ |
| 10 | 4/296 | സുനിൽ കുമാർ | പാർപ്പിടം | 76 $M^2$ |
| 11 | 4/29 | പ്രസന്ന കുമാർ | പാർപ്പിടം | 75 $M^2$ |
| 12 | 4/15 | ദേവകി | പാർപ്പിടം | 71 $M^2$ |
| 13 | 4/254 | മോഹനൻ | പാർപ്പിടം | 71 $M^2$ |
| 14 | 4/309 | സോമിനി | പാർപ്പിടം | 71 $M^2$ |
| 15 | 4/87 | ശാരദ | പാർപ്പിടം | 67 $M^2$ |
| 16 | 4/55 | സുന്ദരേശൻ | പാർപ്പിടം | 64 $M^2$ |
| 17 | 4/261 | ഭാസ്കരൻ | പാർപ്പിടം | 70 $M^2$ |

B)നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ് വെയറിൽ 8,9,10,11 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി തുക പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). വിശദാംശം ചുവടെ.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 11/415 | ജെ.ഗോപിചെട്ടിയാർ | പാർപ്പിടം | 54 $M^2$ | 1195 |
| 2 | 11/51 | ശ്യാമള | പാർപ്പിടം | 45 $M^2$ | 1026 |
| 3 | 11/29 | ദിനേശ് കുമാർ | പാർപ്പിടം | 64 $M^2$ | 568 |
| 4 | 11/19 | കെ. നാരായണകുറുപ്പ് | പാർപ്പിടം | 76 $M^2$ | 240 |
| 5 | 11/5 | വിജയൻനായർ .എം | പാർപ്പിടം | 85 $M^2$ | 853 |
| 6 | 10/92 | ലില്ലി | പാർപ്പിടം | 80 $M^2$ | 504 |
| 7 | 10/53 | രാധ | പാർപ്പിടം | 68 $M^2$ | 688 |
| 8 | 9/156 | സാവിത്രിഅമ്മ | പാർപ്പിടം | 75 $M^2$ | 476 |
| 9 | 9/323 A | കെ.സരസ്വതി | പാർപ്പിടം | 65.57 $M^2$ | 662 |
| 10 | 9/410 | ഷൈലജ | പാർപ്പിടം | 72 $M^2$ | 884 |
| 11 | 8/40 | പാറുകുട്ടിഅമ്മ | പാർപ്പിടം | 69.44 $M^2$ | 528 |
| 12 | 8/444 | രത്നമ്മ | പാർപ്പിടം | 67.2 $M^2$ | 428 |

C)കെട്ടിടങ്ങളെ നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഒന്നാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ, ചില കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പുകൾക്ക് (നമ്പർ 01/04.02.2022, 04/05.02.2022,23.08.02.2022) ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമ യ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 9/209 | അശോകൻ.ജി | പാർപ്പിടം | 96 $M^2$ |

| | | | | |
|---|---|---|---|---|
| 2 | 9/271 | വി. ശ്രീനിവാസൻ | പാർപ്പിടം | 132 $M^2$ |
| 3 | 7/34 B | മോഹനദാസ് | പാർപ്പിടം | 75 $M^2$ |
| 4 | 7/311 A | നബീസാ ബീവി | പാർപ്പിടം | 75 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 02/04.02.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 15 മുതൽ 20 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ 2020-21 വർഷം മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 2/63 F | ഹലീമാബീവി, ബൈജുകോട്ടേജ്, പാലച്ചിറ |
| 2 | 2/446 C | ജോയ്.എസ്, ജോയ്സ്, പാലച്ചിറ |
| 3 | 4/68 | ജി.ഇന്ദിര, ആർ.എം.വില്ല, തെറ്റിക്കുളം, മൂങ്ങോട് പി ഒ |
| 4 | 4/270 | സുമാമണി, ചാമവിള വീട്,വടശേരിക്കോണം |
| 5 | 5/40 | രാധമ്മ, നെല്ലേറ്റിൽ, വടശേരിക്കോണം |
| 6 | 7/148 | സരസമ്മ, ഗോപ സരസ്, ചെറുന്നിയൂർ |
| 7 | 7/256 A | ഗോപാല പിള്ള, വിളയിൽ വീട്, ചെറുന്നിയൂർ |
| 8 | 8/222 B | എ.നളിനാക്ഷി, കുഴിവിള വീട്, മുടിയക്കോട് |
| 9 | 8/435 | ശാന്തകുമാരി, അംന്പുജ വിലാസം, ചെറുന്നിയൂർ |
| 10 | 9/68 | കെ.പി ഗോവിന്ദൻനായർ, വിജയ മന്ദിരം, ചെറുന്നിയൂർ |
| 11 | 9/111 | ഉണ്ണി, കോന്തൻ വിളാകം,ചെറുന്നിയൂർ പി ഒ |
| 12 | 10/263 | ജി.ശിവരാജൻ(പൊയ്കയിൽ വീട്,മുടിയക്കോട്) |
| 13 | 13/290 B | ലക്ഷ്മി ഷമ്മി(ദേവമയം,വെന്നികോട്,വെന്നിക്കോട് പി ഒ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/08.02.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

4)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ് ).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ് ).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 7/524 | കെ.ചന്ദ്രൻ, ചരുവിള വീട് |
| | 7/525 | |
| 2 | 7/502 | രാജു, ധന്യ ഭവൻ |
| | 7/503 | |
| 3 | 7/325 A | സത്യ ബാബു, ദിവ്യ തേജസ് |
| | 7/438 B | |
| 4 | 11/205 A | ശിവദാസൻ, പ്ലാവിള വീട് |
| | 11/205 B | |
| 5 | 12/37 C | ഗോപിദാസ് , ലീല സെന്റർ |
| | 12/37 D | |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പി ച്ചിട്ടില്ല

ജി.ഒ(എം.എസ് ).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം കെട്ടിട ഉടമ സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള 31 കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഒന്നാം വാർഡിലെ മാത്രം കെട്ടിടങ്ങളുടെ വിവരം ചുവടെ

| Sl No | Ward No | Door No | Name |
|---|---|---|---|
| 1 | 9 | 253 C | Adasrsh.S.Dine |
| 2 | 13 | 82 B | Baby |
| 3 | 11 | 66 B | Baby Girija |
| 4 | 14 | 171 A | Beena |
| 5 | 3 | 139 A | Chandran |
| 6 | 5 | 108 C | Dileep,Asha |
| 7 | 11 | 223 | Kamalakshi |

C)അനധികൃത കെട്ടിടങ്ങൾക്ക് ഇളവ്

താഴെപ്പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് ജി.ഒ(എം.എസ് ).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിടത്തിന്റെ വിസ്തീർണം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 2/4UA/2020 | മുബീന | 44 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 13/2/UA/2021 | മഞ്ജു | 45.71 $M^2$ | 2021 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 7/6/UA/2017 | പുഷ്കരൻ | 55.22 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 12/13/UA/2021 | സോമൻ പി ശ്യാമള | 35.43 $M^2$ | 2020 ഒന്നാം രണ്ടാം വർഷം മുതൽ |
| 5 | 14/1/UA/2021 | സുബ്രമണ്യമണ്യൻ ചെട്ടിയാർ | 18.22 $M^2$ | 2021 ഒന്നാം രണ്ടാം വർഷം മുതൽ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/07.02.2022 ന് ലഭിച്ച മറുപടിയിൽ

സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5)കെട്ടിടങ്ങളുടെ കാലപ്പഴക്കം രേഖപ്പെടുത്തിയിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 ,2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേതഗതി ചട്ടങ്ങൾ, ചട്ടം 2(2)(iv)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുകലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ച നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് | സഞ്ചയയിൽ രേഖപ്പെടുത്തിയ കാലപ്പഴക്കം |
|---|---|---|---|---|---|---|
| 1 | 4/47 A | ശോഭ | പാർപ്പിടം | 50 $M^2$ | 2014 ഒന്നാം അർദ്ധ വർഷം മുതൽ | 13 വർഷം |
| 2 | 6/295 B | സജിത .കെ .എസ് | പാർപ്പിടം | 48 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 20 വർഷം |
| 3 | 9/302 A | സുനിത.എം.ജി | പാർപ്പിടം | 80.65 $M^2$ | 2015 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 4 | 9/407 C | ശശിധരൻ നായർ | പാർപ്പിടം | 110.125 $M^2$ | 2016 ഒന്നാം അർദ്ധ വർഷം മുതൽ | 18 വർഷം |
| 5 | 11/26 A | രാധാമണി അമ്മ | പാർപ്പിടം | 168.33 $M^2$ | 2014 രണ്ടാം അർദ്ധ വർഷം മുതൽ | 25 വർഷം |
| 6 | 11/434 A | സദാശിവൻ,സുരേഷ്, സുധീർ | വാണിജ്യാവശ്യത്തിനുള്ളഷോപ്പുകൾ | 11.64 $M^2$ | 2018 ഒന്നാം അർദ്ധ വർഷം മുതൽ | 30 വർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/08.02.2022 ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഇളവ് നൽകിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207 പ്രകാരം വിവിധ സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മേൽ വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|---|
| 1 | 14/187 | ഡയറക്ടർ,ഹോളി ഇന്നസെന്റ്സ് | സ്കൂളുകൾ | 40 $M^2$ | വിദ്യാഭ്യാസ സ്ഥാപനം- സർക്കാർ (സെ. 207 (1 (ബി))- വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |
| 2 | 14/189 | വർഗ്ഗീസ്സ് മേട്ടുക്കാട് ,ഹോളി ഇന്നസെന്റ്സ് | സ്കൂളുകൾ | 578 $M^2$ | വിദ്യാഭ്യാസ സ്ഥാപനം- സർക്കാർ - വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ - (സെ.207(1 (ബി) ) |

| | | | | | |
|---|---|---|---|---|---|
| 3 | 6/375 | ഷിബു.എസ്സ്, പാരഡൈസ് സ്കൂൾ, പാലച്ചിറ | സ്കൂളുകൾ | 145 $M^2$ | പാർപ്പിടംവിദ്യാഭ്യാസ സ്ഥാപനം-എയിഡഡ് (സെ. 207(1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനം അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/07.02.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7)അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയത്തിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 എഎ പ്രകാരം, അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പൂർത്തീകരണ തീയതി മുതലോ അത് 203-ാം വകുപ്പ് 2-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തീയതി മുതൽ കെട്ടിടം പൊളിച്ചു കളയുന്ന തീയതി വരെ നിയമാനുസൃതമായി നൽകേണ്ട വസ്തു നികുതിയും അതിന്റെ ഇരട്ടിതുകയും ചേർത്തുള്ള തുക വസ്തു നികുതിയായി ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ നികുതി നിർണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെട്ട(U/A രജിസ്റ്റർ) എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രജിസ്റ്ററിലെ ക്രമനമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 5 | കൊച്ചനിയൻ ഉത്രാടം വീട് | വാസഗൃഹം | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 13 | കൃഷ്ണൻ കോട്ടവിള വീട് | വാസഗൃഹം | 33.39 $M^2$ |
| 3 | 16 | ശ്രീദേവി മകയിരം വീട് | വാസഗൃഹം | 49.7 $M^2$ |
| 4 | 19 | അജികുമാർ പ്രണവം | വാണിജ്യം | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 34 | സുശീല സുശീല സദനം | വാസഗൃഹം | 38.4 $M^2$ |

B)യു.എ രജിസ്റ്റർ അപൂർണം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ട എല്ലാ അനധികൃത കെട്ടിടങ്ങളും (U/A Building) U/A രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 59 അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ U/A രജിസ്റ്ററിൽ 34 അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Building ID | Door NO | Owner Name | Owner Address |
|---|---|---|---|---|
| 1 | 50230010011548 | 2/1/UA | Vodafone Essar Cellular Ltd | Venkarath Towers, 8th Floor, N.H.47 |
| 2 | 50230010011591 | 2/2/UA | Vodafone Essar Cellular Ltd | Venkarath Towers, 8th Floor, N.H.47 |
| 5 | 50230010011616 | 2/3/UA/2016 | Babu | Shari Bhavan |
| 4 | 50230010011619 | 12/2/UA/2016 | R SHAJI | SR Medical College |
| 5 | 50230010011620 | 12/3/UA/2016 | R Shaji | S R Medical College |
| 6 | 50230010011621 | 12/4/UA/2016 | R Shaji | SR Medical College |
| 7 | 50230010011622 | 12/5/UA/2016 | R Shaji | SR Medical College |
| 8 | 50230010011624 | 12/6/UA/2016 | R Shaji | SRmedical College |

| | | | | |
|---|---|---|---|---|
| 9 | 50230010011625 | 12/7/UA/2016 | R Shaji | SR Medical College |
| 10 | 50230010011626 | 12/8/UA/2016 | R Shaji | S R Dental College |
| 11 | 50230010011627 | 12/9/UA/2016 | R Shaji | S R Dental College |
| 12 | 50230010011628 | 12/10/UA/2016 | R Shaji | S R Dental College |
| 13 | 50230010011632 | 12/11/UA/2016 | Reghu | Thoppil Veedu |
| 14 | 50230010012530 | 12/12/UA/2021 | Lekha.D | AnayadiPuthenVeedu |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/09.02.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. യു.എ രജിസ്റ്റർ കാലികമാക്കേണ്ടതും മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

8)മേഖലാ നിർണയത്തിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ മേഖലാ നിർണയത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

B)ഒരേ പ്രദേശത്തെ /കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണയം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 7/64 D | ലാലി സുരേഷ് | കിടാവത്തുവിള ദളവാപുരം ചെറുന്നിയൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| | 7/64 F | | കിടാവത്തുവിള ദളവാപുരം ചെറുന്നിയൂർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 2 | 8/435 B | എൻ. അഭിലാഷ്, നീലാഞ്ജനം, ചെറുന്നിയൂർ | ചെറുന്നിയൂർ ശാസ്താംനട റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| | 8/435 C | ബിപിന്കുമാർ/ ശാന്തകുമാരി അമ്മ ആര് എസ്സ് നിവാസ്, പുത്തൻചന്ത | ചെറുന്നിയൂർ ശാസ്താംനട റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 3 | 9/83 A | എ. അജിത്ത് കുമാർ, ആദിനന്ദനം, ചെറുന്നിയൂർ, | ചെറുന്നിയൂർ - ശാസ്താംനട റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |

| | | | | | |
|---|---|---|---|---|---|
| | 9/83 B | ഷാജി എസ് കാവേരി, ചെറുന്നിയൂർ | ചെറുന്നിയൂർ - ശാസ്താംനട റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 40/10.02.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

9)കെട്ടിടങ്ങളുടെ വിസ്തീർണം - വ്യത്യസ്ഥ റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യുന്ന .

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ അസസ്സ്മെന്റ് റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടങ്ങളുടെ വിസ്തീർണവും നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15 എക്സൽ ഷീറ്റ് പ്രകാരമുള്ള റിപ്പോർട്ട്) പ്രകാരമുള്ള വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | അസസ്മെന്റ് റിപ്പോർട്ട് പ്രകാരം കെട്ടിട വിസ്തീർണം | കെട്ടിടങ്ങളുടെ വിവരങ്ങൾ(ORDER NO. 144/15 & 358/15) പ്രകാരമുള്ള വിസ്തീർണവും |
|---|---|---|---|
| 1 | 5/127 B | 58.03 $M^2$ | 116.06 $M^2$ |
| 2 | 9/95 A | 55 $M^2$ | 110 $M^2$ |
| 3 | 11/42 B | 52 $M^2$ | 104 $M^2$ |
| 4 | 10/18 B | 43.56 $M^2$ | 87.12 $M^2$ |
| 5 | 11/311 B | 34 $M^2$ | 68 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 45/11.02.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതിന് ഐ.കെ.എം-മായി ബന്ധപ്പെടുമെന്ന് അറിയിച്ചിട്ടുണ്ട്. ഐ.കെ.എം സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

10)ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല .

താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ 2020-21 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല.

| Sl.No | Building ID | Door NO | Owner Name | Owner Address | Total Arrear |
|---|---|---|---|---|---|
| 1 | 50230010011548 | 2/1/UA | Vodafone Essar Cellular Ltd | Venkarath Towers, 8th Floor, N.H.47 | 628992 |
| 2 | 50230010011591 | 2/2/UA | Vodafone Essar Cellular Ltd | Venkarath Towers, 8th Floor, N.H.47 | 34928 |
| 3 | 50230010003237 | 12/155/ | Sub Divisional Engineer | BSNL Civil Sub Division | 79184 |
| 4 | 50230010003238 | 12/155/A | Sub Divisinol Engineer | BSNL Civil Sub Division | 143539 |
| 5 | 50230010008809 | 14/75/ | M/s Dish Net | Geethanjali Building | 213920 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/07.02.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്, മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

11)ഭീമമായ നികുതി കുടിശ്ശിക

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ 2020-21 വർഷം വരെയുള്ള വസ്തു നികുതി നാളിതുവരെ ഒടുക്കിയിട്ടില്ല.

| Ward | Door No | Sub No | Owner Details | Arrear Total |
|---|---|---|---|---|
| 12 | 2 | UA/2016 | R SHAJI(SR Medical College | 3461880 |
| 12 | 3 | UA/2016 | R Shaji(S R Medical College | 2383320 |
| 12 | 4 | UA/2016 | R Shaji(SR Medical College | 1126720 |
| 12 | 5 | UA/2016 | R Shaji(SR Medical College | 22176 |
| 12 | 6 | UA/2016 | R Shaji(SR Medical College | 3452176 |
| 12 | 7 | UA/2016 | R Shaji(SR Medical College | 199112 |
| 12 | 8 | UA/2016 | R Shaji(S R Dental College | 2421120 |
| 12 | 9 | UA/2016 | R Shaji(S R Dental College | 201280 |
| 12 | 10 | UA/2016 | R Shaji(S R Dental College | 3984 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/07.02.2022 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്, മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

11)സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ - ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2):ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .2019-20 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകളും രജിസ്റ്ററും കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 കെട്ടിട നമ്പർ നൽകലും നികുതി നിർണയവും - അപാകങ്ങൾ

2011, 2019 ലെ കേരള കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയിച്ചതുമായ കെട്ടിടങ്ങളുടെ 2020-21 വർഷത്തെ ആദ്യ 50 ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)പൂർത്തീകരണ പ്ലാനും അസസ്സ്മെന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ഫയൽ നമ്പർ -A5 352/21 തീയതി: 19/01/2021

കെട്ടിട ഉടമ – മുഹമ്മദ് ബഷീർ & നസീറ ബീവി

കെട്ടിട നമ്പർ - 2/192 B

ഉപയോഗക്രമം - പാർപ്പിടം

സർവ്വേ നം : 163/5

അപാകത

പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന 2/192, 2/192 A എന്നീ നമ്പർ കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 50.76 ച.മീ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടങ്ങളുടെ ആകെ വിസ്തീർണം 25 ച.മീ (2/192 – 13 ച.മീ , 2/192 A – 12 ച.മീ) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധിക നിർമ്മാണം, നാളിതുവരെ ക്രമവൽക്കരിച്ച് വസ്തുനികുതി കണക്കാക്കിയിട്ടില്ല.

B)അധിക നിർമ്മാണത്തിന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല .

പെർമിറ്റിനേക്കാൾ അധികരിച്ചുള്ള താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനത്തിന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | പൂർത്തീകരണ റിപ്പോർട്ട് പ്രകാരമുള്ള പ്ലിന്ത് ഏരിയ | രാജിയാക്കൽ ഫീസ് |
|---|---|---|---|---|---|
| 1 | A5-1984/20 തീയതി : 10.06.2020 | പ്രീത പി & ബിജു, നീരാഞ്ജനം | 159.27 $M^2$ | 174.17 $M^2$ | 14.9x7x3=312.9/- |

C)രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ്

പെർമിറ്റിനേക്കാൾ അധികരിച്ചുള്ള താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനത്തിന് രാജിയാക്കൽ ഫീസ് കുറവ് ഈടാക്കി.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | പൂർത്തീകരണ റിപ്പോർട്ട് പ്രകാരമുള്ള പ്ലിന്ത് ഏരിയ | ഈടാക്കേണ്ട രാജിയാക്കൽ ഫീസ് | ഈടാക്കിയ രാജിയാക്കൽ ഫീസ് | അധികമായി അടവാക്കേണ്ട ഫീസ് (കുറവ്) |
|---|---|---|---|---|---|---|---|
| 1 | A5-2395/20 തീയതി : 09.07.2020 | ബിനി പി, ബിനി ഭവൻ, പേരേറ്റിൽ | 152.30 $M^2$ | 164.90 $M^2$ | 12.6*7*3= 264.6/- | 12.6*3*3= 114/- | 150.40 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 44,45/11.02.2022 ന് ലഭിച്ച മറുപടിയിൽ ക്രമ നം. A പ്രകാരമുള്ള കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് തുകയും ക്രമ നം.B, C എന്നിവയിലെ ക്രമവത്കരണ ഫീസിൽ കുറവ് തുകയും ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി- അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

l)കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും 2020-21 വർഷം ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ജീവനക്കാരൻ | അർദ്ധ വർഷം | ആകെ അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| വർക്കല ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ് | പ്രവിത പി (ഓഫീസ് അറ്റൻഡന്റ്) | I | 1,34,800 | 1250 | 1000 | 250 |
| കേരള റിഫാക്ടറി ഇൻഡസ്ട്രീസ്, വെണ്ണിക്കോട് | രാജേഷ് എം (ലേബർ) | II | 77,006 | 750 | 600 | 150 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/08.02.2022 ന് ലഭിച്ച മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.25/08.02.2022 ന് ലഭ്യമാക്കിയ മറുപടിയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2020-21 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/08.02.2022 ന് മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

2020-21 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

A)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2020-21 വർഷം ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ക്രമ നമ്പർ 97 മുതൽ 111 വരെയുള്ള സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 8/66C,D | വി. പ്രദീപ് ചന്ദ്രൻ | സ്റ്റേഷനറി വ്യാപാരം |
| 2 | 8/194 | സുരേഷ് കുമാർ. ആർ | സ്വർണാഭരണ വ്യാപാരം |
| 3 | 7/368 | വിജി | ഹോട്ടൽ |
| 4 | 6/287A | യു.എൻ ഷമീർ | എച്ച്.പി - എൽ.പി.ജി ഗോഡൗൺ |
| 5 | 2/199B | പ്രേം കുമാർ/അനിൽ ജബ്ബാർ | റെസ്റ്റോറന്റ് |
| 6 | 2/73,74 | ദിപു. കെ. | ഇന്റീരിയർ വർക്ക് മെറ്റീരിയൽ വ്യാപാരം |
| 7 | 8/186,187, 188 | അരുൺ. എസ്. | കമ്പ്യൂട്ടർ സർവ്വീസ് |
| 8 | 8/210 | ബിനോദ്. പി.എസ്. | സ്റ്റേഷനറി വ്യാപാരം |

| | | | |
|---|---|---|---|
| 9 | 2/260 | നിസാ ബീഗം. എസ്. | ടെയ്‌ലറിങ്ങ് ഷോപ്പ് |
| 10 | 2/606A | രതീഷ് | യമഹ - ടൂ വീലർ & സ്പെയർ പാർട്സ് ഷോപ്പ് |

വാർഡ്-8ൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് വ്യാപാര സ്ഥാപനങ്ങൾ ഒന്നും തന്നെ 2020-21 വർഷത്തെ ട്രേഡേഴ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

B)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ലഭ്യമാക്കിയ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട3,4 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 3 | വസുന്ധരാദേവി അമ്മ | ടെക്സ്റ്റൈൽസ് ഷോപ്പ് |
| 2 | 3 | അബ്ദുൾ ഷുക്കൂർ/അൻസാർ | പ്രൊവിഷണൽ സ്റ്റോർ |
| 3 | 3 | മുഹമ്മദ് ഖുദ് ഉഖ് | ഇലക്ട്രിക് ഇൻസ്ട്രുമെന്റ്സ് റെന്റൽ ഷോപ്പ് |
| 4 | 3 | സുരേഷ് ബാബു | മെഡിക്കൽ സ്റ്റോർ |
| 5 | 3 | പ്രസീല | സ്റ്റേഷനറി സ്റ്റോർ |
| 6 | 3 | ജി. ശ്രീധരൻ | സ്റ്റുഡിയോ |
| 7 | 3 | സുരേന്ദ്രബാബു ജി | ബേക്കറി |
| 8 | 4 | പദ്മകുമാർ | ടെയ്‌ലറിങ്ങ് ഷോപ്പ് |
| 9 | 4 | ജി. ഇന്ദിര തെറ്റിക്കുളം | ബാർബർ ഷോപ്പ് |
| 10 | 4 | അശോകൻ | പെട്ടിക്കട |
| 11 | 4 | സുരേഷ് | സ്റ്റേഷനറി സ്റ്റോർ |
| 12 | 4 | സത്യേന്ദ്രൻ | ടീ ഷോപ്പ് |
| 13 | 4 | സുരേഷ് ബാബു | സ്റ്റേഷനറി സ്റ്റോർ |
| 14 | 4 | സുധികുമാർ | ഹോട്ടൽ |
| 15 | 4 | മണിലാൽ | ടെയ്‌ലറിങ്ങ് ഷോപ്പ് |
| 16 | 4 | ഷീബ | ടെയ്‌ലറിങ്ങ് ഷോപ്പ് |
| 17 | 4 | രാധാകൃഷ്ണൻ | സ്റ്റേഷനറി സ്റ്റോർ |
| 18 | 4 | രാജു | മൈക്ക് സെറ്റിംഗ് ഗോഡൗൺ |
| 19 | 4 | സദാശിവൻ | സ്റ്റേഷനറി സ്റ്റോർ |
| 20 | 4 | ശശിധരൻ | റേഷൻ ഷോപ്പ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/08.02.2022ന് മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ് .

## 1-17 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന സ്വകാര്യ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | ഡയറി ഫാം | 10 |
| 2 | ഗോട്ട് ഫാം | 1 |
| 3 | ഇറച്ചിക്കോഴി | 1 |
| 4 | മുട്ടക്കോഴി | 3 |
| 5 | മറ്റുള്ളവ | 1 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/08.02.2022ന് മറുപടിയിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്

## 1-18 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ- അപാകങ്ങൾ

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 270,271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ , ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

A)രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ലൈസൻസ് നേടിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21ൽ ആശുപത്രി/പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനം |
|---|---|---|---|
| 1 | 2/33 | ഷാനി എ. ബദറുദ്ദീൻ | ഫോക്കസ് ഡയഗ്നോസ്റ്റിക്സ്, പാലച്ചിറ |
| 2 | 8/151 | വിദ്യാ രാജ് | ലൈഫ് കെയർ ലബോറട്ടറി, ചെറുന്നിയൂർ |
| 3 | 2/510 | പിങ്കി ആർ.വി | ആർ.വി ഫിസിയോതെറാപ്പി & റീഹാബിലിറ്റേഷൻ സെന്റർ |

B)സഞ്ചയ പ്രകാരമുള്ള കെട്ടിടങ്ങളിൽ രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു .

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടത്തിൽ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനം 2020-21 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| Sl.No | Door NO | Owner Name | Owner Address |
|---|---|---|---|
| 1 | 12/73/E | R Shaji | SR General Hospital |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/08.02.2022 ന് ലഭിച്ച മറുപടിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നതിന്ന നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 1200 നായകൾ ഉണ്ടെന്നും ഇവയിൽ 750 എണ്ണം ലൈസൻസ് ഉള്ളവയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 79 വളർത്തു നായകൾക്ക് മാത്രമാണ് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 33/09.02.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-20 അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ചുമാറ്റൽ രേഖകൾ ഹാജരാക്കിയില്ല

ലേല രജിസ്റ്റർ പരിശോധിച്ചതിൽ ചെറുന്നിയൂർ ജംഗ്ഷനിൽ അപകടാവസ്ഥയിൽ നിന്നിരുന്ന ചരൽക്കൊന്ന മരം മുറിച്ചുമാറ്റി 29.09.2020ന് ശ്രീ. സുകുമാരൻ, കുഴിവിള വീട് എന്ന വ്യക്തിയ്ക്ക് 1013/- രൂപയ്ക്ക് (നികുതികൾ ഉൾപ്പെടെ) ലേലം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ലേല ഡയറിയും ലേല നോട്ടീസും ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം34/09.02.2022 ന് ലഭിച്ച മറുപടിയിൽ ലേലം നടപ്പാക്കി എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## 1-21 മരാമത്ത് പ്രവൃത്തികൾ - കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരനിൽ നിന്നും 1% പിഴ ഈടാക്കിയിട്ടില്ല.

(A)

| | |
|---|---|
| പ്രോജക്ട് നമ്പർ | 181/21 |
| പ്രോജക്ടിന്റെ പേര് | കാട്ടുനട ശിവക്ഷേത്രം റോഡ് പാർശ്വഭിത്തി നിർമ്മാണം |
| കരാറുകാരൻ | ശ്രീ. ശ്യാമപ്രസാദ് |
| അടങ്കൽ തുക | 3,50000/- (മെയി.ഫണ്ട്- റോഡ്) |
| ചെലവുതുക | 2,96,589 |
| പി.എ.സി. | 265096/- |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് തീയതി | 10.10.19 |
| കരാർ നമ്പർ, തീയതി | 18/AE/LSGD/CHR Dt. 02.11.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2651 |
| ബിൽ നമ്പർ | 101/14.08.2020 |

(B)

| | |
|---|---|
| പ്രോജക്ട് നമ്പർ | 164/21 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ |
| കരാറുകാരൻ | ശ്രീ. രാഗേഷ് |
| അടങ്കൽ തുക | 2,00,000/-(വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവുതുക | 1,99,015/- |
| പി.എ.സി. | 1,99,998/- |
| സെലക്ഷൻ നോട്ടീസ് തീയതി | 10.10.19 |
| കരാർ നമ്പർ, തീയതി | 20/AE/LSGD/CHR Dt. 02.11.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2000/- |
| ബിൽ നമ്പർ | 17/11.04.2020 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.46/11.02.2022 , 49/14.02.2022) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഈടാക്കാൻ വിട്ടുപോയതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആകെ 4,651/- രൂപ പ്രസ്തുത കരാറുകാരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തി ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്

2019-20 സാമ്പത്തിക വർഷം വരെ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയ തുകയായ 2,13,575/- രൂപ തിരികെ ലഭിച്ചിട്ടുണ്ട് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/08.02.2022) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 ൽ പ്രസ്തുത ഇനത്തിൽ ഒടുക്കുവരുത്തിയ തുകയായ 54,276/- ഇതു വരെയും തിരികെ ലഭ്യമാക്കി ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക വരുത്തിയിട്ടില്ല. പ്രസ്തുത തുക തിരികെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ (SBI ചെറുന്നിയൂർ A/c നമ്പർ 67005962308) ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (52/14.02.2022) ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-24 ഓഡിറ്റ് റിപ്പോർട്ട് - തുടർ നടപടികൾ സത്വരമാക്കണം

2008-09 മുതൽ 2018-19 വരെയുള്ള വിവിധ വർഷങ്ങളിലെ 72 ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നു. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം/ജി.പി.7/671/2021തീയതി 12.04.2021പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന് 07.12.2021നാണ് ആദ്യ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ലഭ്യമാക്കിയ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ 2015-16, 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി വിവരങ്ങൾ സംബന്ധിച്ച് വ്യക്തതയില്ല.

മിക്ക വർഷങ്ങളിലും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഉദാഹരണം - 2014-15, 2015-16, 2017-18

2008-09 മുതൽ 2014-15 വരെയുള്ള ഖണ്ഡികകൾക്ക് മറുപടി തയ്യാറാക്കി അദാലത്തിൽ പരിഗണിക്കുന്നതിലേക്കായി സമർപ്പിച്ചിട്ടുള്ളതാണെന്നും അവശേഷിക്കുന്ന പരാമർശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 14/07.02.2022ന്റെ മറുപടി).
ഓഡിറ്റ് റിപ്പോർട്ട് എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കേണ്ടതും തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നല്കണം

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGDഎഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

എന്നാൽ, ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ കണ്ടൽ കാടുകളിലില്ലായെന്നും സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്യുന്നതനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 03/04.02.2022).

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടാതാണ്.

## 1-26 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കി നിർവ്വഹണം നടത്തുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തൽ 2020-21ൽ നടപ്പാക്കിയ 55 പ്രവൃത്തികളിൽ ചുവടെ പറയുന്ന 24 പ്രവൃത്തികൾ (റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ഒഴികെയുള്ള ഭൂരിഭാഗം പ്രവൃത്തികളും) എസ്റ്റിമേറ്റ് പുതുക്കി നിർവ്വഹണം നടത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 160/21 | ഡീസന്റ്മുക്ക് ചെക്കാലവിളാകം റോഡ് മെയിന്റനൻസ് |
| 2 | 150/21 | ഡീസന്റ് മുക്ക് ചക്കാലവിളാകം റോഡ് നിർമ്മാണം |
| 3 | 120/21 | പണയ്ക്കാമൂട് പുത്തൻകടവ് റോഡ് ബാക്കിഭാഗം റീടാറിംഗ് |
| 4 | 86/21 | വടശ്ശേരിക്കോണം പള്ളിമുക്ക് പൂലിയത് റോഡ് റീടാറിംഗ് |
| 5 | 211/21 | GMLPS കൊച്ചു പാലച്ചിറ സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം |
| 6 | 179/21 | ഡീസന്റ്മുക്ക് അമ്പിളിച്ചന്ത റോഡ് റീടാറിംഗ് |
| 7 | 178/21 | മുട്ടക്കാട് അംഗൻവാടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം |
| 8 | 139/21 | പഞ്ചായത്ത് അംഗൻവാടികളുടെ മെയിന്റനൻസ് |
| 9 | 185/21 | ചെറുന്നിയൂർ പി.എച്ച്.സി. സബ്സെന്റർ മെയിന്റനൻസ് |
| 10 | 186/21 | അംഗൻവാടികളുടെ മെയിന്റനൻസ് |
| 11 | 145/21 | വിവിധ വാർഡുകളിൽ എം.സി.എഫ് നിർമ്മാണം |
| 12 | 184/21 | KGGLPSഅറ്റകുറ്റപ്പണി |
| 13 | 195/21 | മഗലത്ത് കളയ്ക്കോട്ട പൊയ്ക റോഡ് റീടാറിംഗ് |
| 14 | 182/21 | അപ്പൂപ്പൻനട റോഡുവിള റോഡ് റീടാറിംഗ് |
| 15 | 174/21 | അമ്പിളിച്ചന്ത ഡീസന്റ്മുക്ക് ബാക്കിഭാഗം റീടാറിംഗ് |
| 16 | 149/21 | അമ്പിളിച്ചന്ത ആണ്ടകുളം റോഡ് റീടാറിംഗും പാർശ്വഭിത്തി നിർമ്മാണവും |
| 17 | 194/21 | അയന്തി മിൽ പഞ്ഞുവിള റോഡ് റീടാറിംഗ് |
| 18 | 180/21 | ആലുവിള പയറ്റഴികം റോഡ് മെയിന്റനൻസ് |
| 19 | 183/21 | ഉദയനഗർ റോഡുവിള റോഡ് മെയിന്റനൻസ് |
| 20 | 181/21 | കാട്ടുനട ശിവക്ഷേത്രം റോഡ് പാർശ്വഭിത്തി നിർമ്മാണം |
| 21 | 175/21 | പഞ്ചായത്ത് കോൺഫറൻസ് ഹാളും ഓപ്പൺ ഓഡിറ്റോറിയവും നവീകരണം |
| 22 | 165/21 | പി.എച്ച്.സി മെയിന്റനൻസ് |
| 23 | 136/21 | FHSCമെയിന്റനൻസ് |
| 24 | 164/21 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ |

ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി തയ്യാറാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്

## 1-27 കാർഷികപദ്ധതികളുടെ പുരോഗതി പ്രശംസനീയം

പഞ്ചായത്തിലെ കാർഷികപുരോഗതിക്കുതകുന്ന വിവിധ പദ്ധതികൾ 2020-21വർഷം നടപ്പിലാക്കിയിട്ടുണ്ട്. 18 പുതിയ പദ്ധതികളും 5 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടെ 23 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നതിൽ 20 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പുതിയ പദ്ധതികളിൽ 8 എണ്ണവും സ്പിൽ ഓവറായ 5 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതികളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

- 2020-21 വർഷം നിറപറ പദ്ധതിയിൽ വിരിപ്പ് നെൽകൃഷിയിൽ 16 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 56 ടൺ നെല്ലുൽപ്പാദിച്ചു.
- സഞ്ജീവനി പദ്ധതി പ്രകാരം 341 കർഷകർക്ക് രോഗകീട നിയന്ത്രണ ഉപാധികളും സസ്യസംരക്ഷണ ഉപാധികളും 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.
- പച്ചക്കറി കൃഷി തിരിനനയിലൂടെ എന്ന പദ്ധതി പ്രകാരം 10 യൂണിറ്റ് തിരിനന കൃഷി നടപ്പിലാക്കി.
- ജീവനി ഹരിത മൈത്രി പദ്ധതി പ്രകാരം 50 യൂണിറ്റ് ഗ്രോ ബാഗ് വിതരണം ചെയ്തു.
- മഴമറയിൽ പച്ചക്കറി കൃഷി, ഫലവൃക്ഷ തൈ നട്ട് പരിപാലിക്കൽ, ഇടവിളയിലൂടെ ഇരട്ടി മധുരം, വീട്ടുവളപ്പിലെ കുളത്തിലെ മൽസ്യ കൃഷി, കേരസമൃദ്ധി പദ്ധതി, തരിശു ഭൂമി കൃഷി, ഹരിതഭവനം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിലെ കാർഷിക അഭിവൃദ്ധി വർദ്ധിപ്പിക്കുവാനും കൂടുതൽ ആൾക്കാരെ കൃഷിയിലേക്ക് ആകർഷിക്കുവാനും സാധിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.കർഷകതൊഴിലാളി സംഘങ്ങൾക്ക് യന്ത്രോപകരണങ്ങൾ നൽകുമ്പോൾ സംഘങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

2.പദ്ധതി മാർഗരേഖയിൽ [സ.ഉ.(കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018] വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്നും നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ആയത് പ്രകാരം കൃഷിയും അനുബന്ധമേഖലയും വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

3.ഹരിതഭവനം പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4.തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതിയിൽ നിർദ്ദിഷ്ടപ്രദേശം കൃഷിയോഗ്യമാണെന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.

## 1-28 പഠനോപകരണം, ലാപ് ടോപ്പ് വിതരണം പ്രോജക്ടുകളിൽ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചില്ല

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിശദവിവരം |
|---|---|---|
| 1 | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം | നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ<br>പ്രോജക്ട് നമ്പർ-11/21<br>അടങ്കൽ- 2,50,000(വികസനഫണ്ട് എസ്.സി.പി)<br>ചെലവ്-2,46,396<br>ബിൽ നമ്പർ-460/26.3.21 |
| 2 | എസ് സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ<br>പ്രോജക്ട് നമ്പർ-152/21<br>അടങ്കൽ- 3,90,000(വികസനഫണ്ട് എസ്.സി.പി)<br>ചെലവ്-3,89,215/-<br>ബിൽ നമ്പർ-05/7.2.20 |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ-1

1.കുട്ടികളുടെ അപേക്ഷ, സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഹാജരാക്കിയിട്ടില്ല.

2.വിദ്യാർത്ഥികളുടെ ജാതി തെളിയിക്കുന്നതിന് മെമ്പർമാരുടെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 56 കുട്ടികളിൽ 39 പേരുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അതിൽ തന്നെ പലതിലും എസ്.സി. വിഭാഗം കുട്ടികളാണെന്നുള്ള വിവരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മുമ്പ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09തീയതി 07.02.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണം സ്കൂളുകൾ അടഞ്ഞുകിടന്നതുകൊണ്ടാണ് സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതിരുന്നതെന്ന് വിശദീകരിക്കുന്നു. കൂടാതെ, എസ് സി കുട്ടികളാണെന്നും മുമ്പ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നും ഉറപ്പ് വരുത്തിയിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. അപേക്ഷകരുടെ യോഗ്യത തെളിയിക്കുന്ന എല്ലാ രേഖകളും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ക്രമ നമ്പർ-2 -

പദ്ധതി മാർഗ്ഗരേഖ (സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ തീയതി-14.2.2018-ഖണ്ഡിക 7.2.8,7.2.9) പ്രകാരം ലാപ് ടോപ്പ് വാങ്ങി നൽകേണ്ടത് ബിരുദം, ബിരുദാനന്തര ബിരുദം, പോളി ടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കാണ്. കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയാൽ മാത്രം പാരലൽ കോളേജ് വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാമെന്നുണ്ട്.

പദ്ധതി പ്രകാരം 17 ലാപ് ടോപ്പുകൾ നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 2 കുട്ടികൾക്ക് ലാപ് ടോപ്പ് നൽകിയതിൽ അപാകത കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് /അഡ്രസ്സ് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രുതി.ആർ, ചരുവിളപുത്തൻവീട്, വെന്നിക്കോട് | DCA(6 Month Course) | Softech Computer Education,Venjaramoodu | പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കോഴ്സ് അല്ല. |
| 2 | സജീന, പണയിൽ വീട്, ചെറുന്നിയൂർ | Diploma In Food And Beverage(Distance Education) | Madurai Kamaraj University | യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഇല്ല. |

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/07.02.2022) ലഭ്യമാക്കിയ മറുപടിയിൽ മറ്റ് അർഹരായ കുട്ടികളില്ലാത്തതിനാലാണ് ശ്രുതി.ആർ എന്ന കുട്ടിക്ക് നൽകിയതെന്നും ഭരണസമിതി അംഗീകാരം ഉണ്ടായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. കോവിഡ് കാലമായതിനാൽ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം വാങ്ങുവാൻ സജീന എന്ന കുട്ടിക്ക് സാധിച്ചിട്ടില്ലാന്നും അറിയിച്ചിട്ടുണ്ട്.

ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി പൂർണമായും അംഗീകരിക്കുവാൻ സാധിക്കുകയില്ല. സർക്കാർ ഉത്തരവ് നം.22/2018/തസ്വഭവ-തിയ്യതി-14.2.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ കൃത്യമായി പാലിച്ചുകൊണ്ട് മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 അംഗൻവാടി പോഷകാഹാര വിതരണം , ചെലവ് തുകയ്ക്ക് അനുസൃതമായി സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S051/20 അംഗൻവാടി പോഷകാഹാര വിതരണം |

| | |
|---|---|
| | |
| വകയിരുത്തൽ | 550000(വികസനഫണ്ട് 350000)<br>കേന്ദ്രാവിഷ്കൃത ഫണ്ട് 200000/- |
| ചെലവ് | 462270 (വികസനഫണ്ട് 350000)<br>കേന്ദ്രാവിഷ്കൃത ഫണ്ട് 112270/- |
| ബിൽ നമ്പർ | 200107520569011181448 /3.3.21 തുക 59531/-<br>6636769/17.3.21തുക 13589/- |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

അംഗൻവാടി പോഷകാഹാര പദ്ധതിയിലേക്ക് മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 73120/- രൂപയുടെ സാധനങ്ങൾ 28.11.21 ൽ സപ്ലൈകോ സൂപ്പർമാർക്കറ്റിൽ നിന്നും വാങ്ങി. സപ്ലൈകോയുടെ ബിൽ പ്രകാരം 135 Kg ചെറുപയറിന് 113 രൂപ നിരക്കിൽ 15255/- രൂപയും 36 Kg ഉവരപരിപ്പിന് 116 രൂപ നിരക്കിൽ 4176/-രൂപയും ഈടാക്കിയിട്ടുണ്ട്. എന്നാൽ 61 Kg പയറും 17 Kg ഉവരപരിപ്പുമാണ് സപ്ലൈകോ അംഗൻവാടികളിൽ വിതരണം ചെയ്തിട്ടുള്ളത്. പയറിനും ഉവരപരിപ്പിനും കൂടി ആകെ (61x113 + 17x116 = 8865/- ) രൂപയാണ് സപ്ലൈകോയ്ക്ക് നല്കേണ്ടിയിരുന്നതെങ്കിലും 19431/- രൂപയാണ് നല്കിയത്. അധികമായി 10566/- രൂപ സപ്ലൈകോയ്ക്ക് നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/ 5.2.22) പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സപ്ലൈകോ മാനേജർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.

അധികം നല്കിയ തുക 10566/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-30 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ – തുടർ നടപടികൾ അനിവാര്യം

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. |
| പ്രോജക്റ്റ് നമ്പർ | SO235/21 |
| അടങ്കൽ | 106000<br>(തനത് ഫണ്ട്) |
| ചെലവ് | 105020 |
| ബിൽ നമ്പർ<br>(സാംഖ്യ എ.സി.ആർ) | 397/05.03.2021 |

കെൽട്രോണിന്റെ 08.09.2020ലെ എ.എം.സി. റിന്യൂവൽ ഓഫർ അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. പുതുക്കുന്നതിനായി 105020 രൂപ കൈമാറി.

20.02.2021 മുതൽ 19.02.2022വരെയുള്ള കാലയളവിലേക്ക് കരാറിലുൾപ്പെട്ട ഉപകരണങ്ങളുടെ വിശദാംശം ചുവടെ

ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണം | എണ്ണം |
|---|---|---|
| I | Server (HP ML310) | 1 |
| Ii | Desktop PC With Moniter | 17 |
| Iii | DotMatrix Printer (Epson LQ 300) | 1 |
| Iv | Laser Jet Printer (HP P1566) | 1 |
| V | Laser Jet Printer (Samsung ML3310ND) | 1 |
| Vi | Laser Jet Printer (Canon LBP 6300) | 1 |
| Vii | Laser Jet Printer (HP Pro 200 Color) | 1 |
| Viii | Laser Jet Printer (Canon LBP 2900) | 1 |
| Ix | Canon Image Class 6230Dn Priner | 1 |
| X | 5 KVA UPS | 1 |

1)Hardware, Software എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)ലഭ്യമാക്കിയ സ്റ്റോക്ക് രജിസറ്ററിലെ പേജ് നമ്പർ 50 മുതലുള്ള ഉപകരണങ്ങൾക്ക് പൂർണമായ രേഖപ്പെടുത്തലില്ല. ലാപ് ടോപ്പുകളുൾപ്പെടെയുള്ള ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ / വ്യക്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്ററിൽ ചുവടെ ചേർക്കും പ്രകാരം പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങളുണ്ട്.

| ക്രമ നമ്പർ | ഉപകരണം | എണ്ണം |
|---|---|---|
| I | ഡസ്ക് ടോപ്പ് | 6 |
| Ii | സ്കാനർ | 2 |
| Iii | യു.പി.എസ് | 2 |
| Iv | ഫോട്ടോസ്റ്റാറ്റ് മെഷീൻ | 1 |

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങളിൽ ഒരു യു.പി.എസ്. ബൈബാക്ക് വ്യവസ്ഥയിൽ നൽകിയാണ് നിലവിൽ പ്രവർത്തിക്കുന്ന 5KV യു.പി.എസ്. വാങ്ങിയതെന്നും പ്രവർത്തനക്ഷമമല്ലാത്ത മറ്റ് ഉപകരണങ്ങൾ സ്ക്രാപ്പിംഗ് നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും [32(1)/24.11.2021}സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 37/10.02.2022ന്റെ മറുപടി).

തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-31 വെള്ളക്കരം ഒടുക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | SO036/21 |
| പേര് | | വാട്ടർ അതോറിറ്റിയ്ക്ക് വെള്ളക്കരം അടയ്ക്കൽ |
| ഫണ്ട് | അടങ്കൽ | സുലേഖ പത്രിക പ്രകാരമുള്ള ചെലവ് |

| | | |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 910000 | 910000 |
| മെയിന്റനൻസ് ഫണ്ട് | 113750 | 113750 |
| ആകെ | 1027350 | 1027350 |
| നിർവ്വഹണം | | സെക്രട്ടറി |

260 പൊതു ടാപ്പുകൾക്കായി 2020 ജൂൺ മുതൽ ഫെബ്രുവരി വരെയുള്ള വെള്ളക്കരം പ്രതിമാസം 113750 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്തുന്നതിനായുള്ള പ്രോജക്ട്.

വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക ഒടുക്ക് വരുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വാട്ടർ അതോറിറ്റി ബിൽ നമ്പർ | തുക | മാസം | ബിൽ നമ്പർ |
|---|---|---|---|---|
| I | 43717/23.06.20 | 113750 | 06/2020 | 303522/29.06.20 |
| Ii | 44437/29.07.20 | 113750 | 07/2020 | ലഭ്യമല്ല (തനത് ഫണ്ട് വിനിയോഗിച്ചു) |
| Iii | 45089/29.08.20 | 113750 | 08/2020 | 471125/25.08.20 |
| Iv | 45779/22.09.20 | 113750 | 09/2020 | 557661/25.09.20 |
| V | 46467/22.10.20 | 113750 | 10/2020 | 660350/27.10.20 |
| Vi | 47094/27.11.20 | 113750 | 11/2020 | 772062/25.11.20 |
| Vii | 47798/22.12.20 | 113750 | 12/2020 | 871505/28.12.20 |
| Viii | 48486/25.01.21 | 113750 | 01/2021 | 998054/27.01.21 |
| Ix | 49647/24.02.21 | 113750 | 02/2021 | 153409/25.02.21 |
| X | 50431/22.03.21 | 113750 | 03/2021 | 333088/23.03.21 |
| | ആകെ | 1137500 | | |

പ്രോജക്ട് പുതുക്കി ഡിപിസി അംഗീകാരം ആവശ്യമുള്ളതിനാൽ 07/2020ലെ തുക തനത് ഫണ്ടിൽ നിന്നും ഒടുക്ക് വരുത്തുകയാണുണ്ടായത്. എന്നാൽ, പ്രസ്തുത തുക തനത് ഫണ്ടിലേക്ക് റിക്കൂപ്പ് ചെയ്തിട്ടില്ല. മാർച്ചിലെ വെള്ളക്കരം പ്രോജക്ട് അടങ്കലിൽ നിന്ന് ചെലവ് ചെയ്തിട്ടുമുണ്ട്. തുടർ വർഷത്തെ പ്രോജക്ടിൽ റീക്കൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

17.12.2021, 20.12.2021, 01.01.2022 എന്നീ തീയതികളിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ 266 ടാപ്പുകളുണ്ടെന്ന റിപ്പോർട്ട് വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. പൊതുടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഫണ്ടിന്റെ അപര്യാപ്തതയുണ്ടായിരുന്നതിനാൽ ആകെ 9 മാസത്തെ വെള്ളക്കരം അടവാക്കുന്നതിനാണ് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നതെന്നും മറ്റുള്ള മാസങ്ങളിലേത് തനത് ഫണ്ടിൽ നിന്നുമാണ് അടവാക്കിയതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 16/08.02.2022ന്റെ മറുപടി). ജലജീവൻ മിഷൻ പദ്ധതി പ്രകാരം വളരെയധികം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഒഴിവാക്കാൻ കഴിയുന്ന പൊതുടാപ്പുകളുടെ വിവരങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 20/08.02.2022). തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 തെരുവ് വിളക്ക് പരിപാലനം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്കുകളുടെ പരിപാലനം ലേബർ ചാർജ് |
| പ്രോജക്ട് നമ്പർ | S0039/21 |
| അടങ്കൽ | 248625 (ധനകാര്യ കമ്മീഷൻ |

| | |
|---|---|
| | അവാർഡ്) |
| ചെലവ് | 244956 |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിൽ, നബിൽ എന്ന കരാറുകാരന് ബൾബ്, ട്യൂബ് എന്നിവയുടെ മെയിന്റനൻസിനും ബൾബ് മാറ്റുന്നതിനുമായും വിവിധ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക നൽകി.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | ഇൻവോയിസ് നമ്പർ |
|---|---|---|---|
| I | 107/18.08.2020 | 59107 | 120/08.07.2020 |
| Ii | 344/11.02.2021 | 75355 | 148/തീയതിയില്ല |
| Iii | 423/16.03.2021 | 110494 | 154/12.03.2021 |
| ആകെ | | 249956 | |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഏതാനും ഇലക്ട്രിക്ക് പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2)ആദ്യ ബിൽ പ്രകാരം തുക നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 9, 12 വാർഡുകളിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി നടത്തിയിട്ടില്ല. 2020 നവംബർ മാസത്തിൽ മെയിന്റനൻസ് നടത്തിയപ്പോൾ, പ്രവർത്തന രഹിതമായ തെരുവ് വിളക്കുകളുള്ളതായി മെമ്പർമാരോ പൊതുജനങ്ങളോ പരാതി ഉന്നയിച്ചിട്ടില്ലാത്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്.

3)പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 തിയ്യതിയിലെ ജി-2 44274/2015 നം ഉത്തരവ് പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാതു ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ ഉ(സാ ധാ)നം2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. കേടായ ഇലക്ട്രിക്കൽ ഉപകരണങ്ങൾ തിരികെ വാങ്ങി സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല.

4) കെ.എസ്.ഇ.ബിയുമായി ചേർന്ന് പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ട് സംയുക്ത പരിശോധനയുടെ ആവശ്യമില്ലെന്ന് കെ.എസ്.ഇ.ബി. അറിയിച്ചതിനാലാണ് പരിശോധന നടത്താതിരുന്നതെന്നും തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 36/10.02.2022ന്റെ മറുപടി).

തെരുവ് വിളക്ക് പരിപാലനത്തിൽ, സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 തെരുവ് നായ നിയന്ത്രണം - ചെലവ് രേഖകളുടെ അഭാവത്തിൽ 105000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ടിന്റെ പേര് | | എബിസി പ്രോഗ്രാം |
|---|---|---|
| പ്രോജക്ട് നമ്പർ | | S0057/21 |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 104600 | 104600 |
| തനത് ഫണ്ട് | 400 | 400 |
| ആകെ | 105000 | 105000 |
| ബിൽ നമ്പർ | | 221/27.11.2020 തുക 104600<br>222/27.11.2020 തുക 400 |

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |

തെരുവ് നായകളുടെ പ്രജനന നിയന്ത്രണം ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിനായി തുക ജില്ല കുടുംബശ്രീ മിഷന് കൈമാറി.

50 നായകളെ പിടിച്ച് സർജറി ചെയ്ത് തിരികെ വിട്ടതായി സ്റ്റാർ ആക്ടിവിറ്റി ഗ്രൂപ്പിന്റെ കത്ത്, പിടിച്ച നായകളുടെ വിശദാംശങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ്, നായകളെ സർജറി ചെയ്ത വെറ്ററിനറി സർജന്മാരുടെ സർട്ടിഫിക്കറ്റ് എന്നിവയല്ലാതെ വിനിയോഗ സാക്ഷ്യപത്രം, ചെലവുകൾക്കാധാരമായ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 42/11.02.2022ന്റെ മറുപടി). ചെലവ് രേഖകളുടെ അഭാവത്തിൽ 1,05,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 പശു വളർത്തൽ -ഒരു ഗുണഭോക്താവിന് രണ്ട് ആനുകൂല്യം

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി ഓഡിറ്റ് വർഷം പശു സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കി. വിശാദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | | കറവയുള്ള പശു |
| പ്രോജക്ട് നമ്പർ | | S0060/21 |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് | 200000 | 200000 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 240000 | 0 |
| ആകെ | 440000 | 200000 |
| ബിൽ നമ്പർ | | 480/29.03.2021 തുക 125000<br>503/30.03.2021 തുക 75000 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി വളർത്തൽ(SO) |
| പ്രോജക്ട് നമ്പർ | S0155/21 |
| അടങ്കൽ | 112000<br>(വികസന ഫണ്ട്) |
| ചെലവ് | 112000 |
| ബിൽ നമ്പർ | 15/11.04.2020 |

ആദ്യ പ്രോജക്ടിൽ 8 പേർക്ക് കറവയുള്ള പശുക്കൾക്കായി 25,000/- രൂപ വീതവും രണ്ടാമത്തെ പ്രോജക്ടിൽ 6മുതൽ 8വരെ മാസം പ്രായമുള്ള കന്നുകുട്ടികൾക്കായി 8,000/- രൂപ വീതവും സബ്സിഡി നൽകുന്നതിന് വിഭാവനം ചെയ്തിരുന്നു.

റീന മഹേഷ്, ചോതി, പാലച്ചിറ (വാർഡ് 1) എന്ന വ്യക്തിക്ക് കറവപശുവിനായി 25,000/- രൂപയും കന്നുകുട്ടിക്കായി 8,000/- രൂപയും സബ്സിഡി നൽകി. സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 2.4 പ്രകാരം ഒരിനത്തിന് മറ്റേതെങ്കിലും സർക്കാർ ധനസഹായം ലഭിക്കുന്ന വ്യക്തിക്ക് അതേ ഇനത്തിന് സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ സബ്സിഡിക്ക് അർഹതയുണ്ടായിരിക്കില്ലായെന്നും ഖണ്ഡിക 2.5 പ്രകാരം മുൻവർഷങ്ങളിൽ സബ്സിഡിയോ ധനസഹായമോ ലഭിച്ചിട്ടുള്ളവർക്ക് സർക്കാർ നിശ്ചയിക്കുന്ന കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സഹായം ലഭിക്കുകയുള്ളൂവെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത വ്യക്തി സാമ്പത്തികമായി ബുദ്ധിമുട്ടുന്നയാളാണെന്നും ഇപ്രകാരമുള്ള പാളിച്ചകൾ ആവർത്തിക്കില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 47/11.02.2022ന്റെ മറുപടി) .

പശു വളർത്തൽ പ്രോജക്ടുകൾക്കായി ഒരേ ഗുണഭോക്താവിനുതന്നെ ആനുകൂല്യം നൽകുന്നത് ഒഴിവാക്കി, അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള നടപടികളുണ്ടാകണം.

## 1-35 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകളുടെ സ്റ്റോക്ക് - വിതരണ രേഖകളുടെ അഭാവത്തിൽ 1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്റ്റ് നമ്പർ | S0056/21 |
| അടങ്കൽ | 1,50,000/-<br>(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 1,50,000/- |
| ബിൽ നമ്പർ | 220/27.11.2020 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

പ്രസ്തുത പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി 1,50,000/- രൂപ നൽകിയത് നീതി സ്റ്റോർ, വെഞ്ഞാറമൂട് എന്ന സ്ഥാപനത്തിനാണ്.

സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018] പ്രകാരം വെറ്റിനറി ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വെറ്റിനറി ഡോക്ടറെ ചുമതലപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിലെ മരുന്ന് വാങ്ങൽ നടപടിക്രമങ്ങൾ പ്രകാരം മരുന്നുകൾ വാങ്ങിക്കാവുന്നതും അതിനാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നൽകാവുന്നതുമാണെന്നുണ്ട്. പ്രസ്തു പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ടെന്റർ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

2)നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

3)മരുന്നുകളുടെ സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകളുടെ സ്റ്റോക്കും വിതരണവും രേഖപ്പെടുത്തുന്നതിൽ അപാകത സംഭവിച്ചുവെന്നും ഭാവിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണെന്നും ടെന്റർ നടപടികൾ സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 43/11.02.2022ന്റെ മറുപടി).

മരുന്നുകളുടെ സ്റ്റോക്ക് - വിതരണ രേഖകളുടെ അഭാവത്തിൽ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

-

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇല്ല

-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 0 | 136000 | നിറ പറ പദ്ധതി | 136000 | 0 |
| | | 0 | 136000 | കേദാരം സമഗ്ര നെൽകൃഷി | 136000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വികസനം | | |
| | | 0 | 10200 | ജൈവ സമൃദ്ധി | 10200 | 0 |
| | | 0 | 136000 | സമഗ്ര നെൽകൃഷി വികസന പദ്ധത് | 136000 | 0 |
| | | 0 | 59300 | സുഭിക്ഷ കേരളം- തരിശ് ഭൂമി കൃഷി | 59300 | 0 |
| | | 0 | 15940 | സുഭിക്ഷ കേരളം - മത്സ്യകൃഷി | 15940 | 0 |
| | | 0 | 125000 | പാലിയേറ്റീവ് കെയർ | 125000 | 0 |
| | | 652067 | 0 | ലൈഫ് എസ്.സി | 275027 | 377040 |
| | | 0 | 1325000 | ലൈഫ് ഭൂമി വാങ്ങൽ | 1325000 | 0 |
| | | 0 | 935000 | ലൈഫ് ഭൂമി വാങ്ങൽ എസ്.സി.പി | 935000 | 0 |
| | | 0 | 137250 | സ്നേഹ സ്പർശം | 137250 | 0 |
| | | 0 | 45200 | ശാരീരിക വെല്ലുവിളി - സ്കോളർഷിപ്പ് | 45200 | 0 |
| | | 0 | 70000 | അങ്കണ വാടി പോഷകാഹാരം | 70000 | 0 |
| | | 0 | 50000 | ക്ഷീരസമൃദ്ധി ജനറൽ | 50000 | 0 |
| | | 0 | 100000 | ക്ഷീര സമൃദ്ധി വനിത | 100000 | 0 |
| ആകെ | | 652067 | 3280890 | | 3555917 | 377040 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 136000 | നിറ പറ പദ്ധതി | 136000 | 0 |
| | | 0 | 85600 | ഹരിത ഭവനം | 85600 | 0 |
| | | 0 | 136000 | സമഗ്രനെൽകൃഷി വികസന പദ്ധത് | 136000 | 0 |
| | | 0 | 545000 | ലൈഫ് ഭൂമി വാങ്ങൽ എസ്.സി.പി | 545000 | 0 |
| | | 0 | 136125 | സ്നേഹ സ്പർശം | 136125 | 0 |
| | | 0 | 160000 | ലൈഫ് ഭവന പദ്ധതി ജനറൽ | 160000 | 0 |
| | | 0 | 480000 | ലക്ഷം വീട് - ജനറൽ | 480000 | 0 |
| | | 0 | 85972 | ക്ഷീര സമൃദ്ധി | 85972 | 0 |
| | | 0 | 100000 | ക്ഷീര സമൃദ്ധി വനിത | 100000 | 0 |
| ആകെ | | 367380 | 1864697 | | 1864697 | 367380 |

| | 2019-20 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 652067 | 3280890 | 3932957 | 3555917 | 377040 | 377040 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 367380 | 1864697 | 2232077 | 1864697 | 367380 | 367380 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2020-21 | | | | | |
| കെ.എസ്.ഇ.ബി | 295418 | - | - | - | - | - | 295418 |
| കേരള വാട്ടർ അതോറിറ്റി | 1220132 | - | - | - | - | - | 1220132 |
| ഭൂജല വകുപ്പ് | 76180 | - | - | - | - | - | 76180 |

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 295418 | - | - | - | - | 295418 |
| കേരള വാട്ടർ അതോറിറ്റി | 1220132 | - | - | - | - | 1220132 |
| ഭൂജല വകുപ്പ് | 76180 | - | - | - | - | 76180 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ബാക്കിയുണ്ടായിരുന്ന തുക | | | |
| KURDFC | സ.ഉ.(കൈ)68/2018 /തസ്വഭവ തീ.18.05.2018 | 11700000 | 1700000 | 1491764 | 11908236 |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ)നം.275/2010/ തസ്വഭവ തീയതി 27.01.2010 | 883011 | 0 | 883011 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8542276.77 |
| ഓഡിറ്റ് വർഷത്തെ വരവ് | 76671574.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 76742448.00 |
| നീക്കിയിരിപ്പ് | 8471402.77 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 255000.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 105000 | ഡോ.രമ.വി., വെറ്റിനറി സർജൻ |
| 1-35 | 150000 | ഡോ.രമ.വി., വെറ്റിനറി സർജൻ |
| ആകെ | 255000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| ഇല്ല |
|---|

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രമ.വി., വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത് | രാജ്ഞ നിവാസ്, പാമ്പുറം, പാരിപ്പള്ളി, കല്ലുവാതുക്കൽ (പി.ഒ.), കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 867/2002 തീയതി 01.07.2014 | 2 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 1955/2007 തീയതി 01.07.2014 | 1 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 1533/2008 തീയതി 01.07.2014 | 1 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 2090/2011 തീയതി 01.07.2014 | 1 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി. 09/ 2090/2011 തീയതി 01.07.2014 | 3 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 1042/12 തീയതി 20.11.2013 | 3 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 2599 തീയതി 24.04.2014 | 6 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി. 07/ 2345/2015 തീയതി 04.11.2015 | 1 |
| 2014-15 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 1289/2016 തീയതി 04.11.2015 | 9 |
| 2015-16 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2123/2016 തീയതി 14.12.2016 | 16 |
| 2016-17 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2036/2017 തീയതി 20.10.2017 | 19 |
| 2017-18 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 43/2019 തീയതി 07.03.2019 | - |
| 2018-19 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 1867/2019 തീയതി 03.12.20 | 30 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം ജി.പി.7/671/2021തീയതി 12.04.2021 | 66 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്